പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1172 11.06.2019 - ൽ മറുപടിക്ക്**

**മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനത്തിനായി ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) & (ബി) | തൃശ്ശൂർ കുറ്റിപ്പുറം പാതയുടെ വികസനത്തിനായി കിഫ്ബിയിൽ നിന്ന് 50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് 2 ജില്ലകളിൽ കൂടി കടന്നു പോകുന്ന സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ വരുന്ന ഭാഗത്തെ പ്രവൃത്തി ഉൾക്കൊള്ളിച്ച് 18 കോടി രൂപയുടെ ഒരു ഡി.പി.ആർ ഉം തൃശ്ശൂർ ജില്ലയിലെ പ്രവൃത്തി ഉൾക്കൊള്ളിച്ച് 72 കോടി രൂപയുടെ ഒരു ഡി.പി.ആർ ഉം തയ്യാറാക്കി കെ.ആർ.എഫ്.ബി-ക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ ഭരണാനുമതിയിൽ പറയുന്ന ഒരു പ്രവൃത്തിക്കുവേണ്ടി 2 പദ്ധതികൾ സമർപ്പിക്കാൻ സാധിക്കാത്തതിനാൽ മേൽ ഡി.പി ആർ കൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. 2 ജില്ലകളിലേയും പ്രവൃത്തികൾ ഉൾപ്പെടുത്തി ഒറ്റ ഡി.പി.ആർ ആയി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**